# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.823 05.02.2020 -ൽ മറുപടിയ്ക്ക്

## ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) നാടക - ചലച്ചിത്ര പിന്നണി ഗാനരംഗത്ത് 60 വർഷത്തിലേറെയായി പ്രവർത്തി ക്കുന്നതും ഓൾഡ് ഈസ് ഗോൾഡ് എന്ന സംഗീത പരിപാടിയുടെ സംഘാടകനും ആയ എറണാകുളം ജില്ലയിലെ കളമശ്ശേരി, ഇടപ്പള്ളി p. o., നേതാജി നഗറിൽ രാഗമന്ദിരത്തിൽ താമസിക്കും ജോസഫ് കുഞ്ഞാപ്പ മകൻ തോപ്പിൽ ആന്റ ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;<br>ബി) ഇതു സംബന്ധിച്ച് സാംസ്കാരിക വകുപ്പിന്റെ C3/367/2019 നമ്പർ ഫയലിൽ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | എ) & ബി) നാടക ചലച്ചിത്ര പിന്നണി ഗായകനായി പ്രവർത്തിച്ചിരുന്ന ശ്രീ. തോപ്പിൽ ആന്റോയ്ക്ക് (ടി.കെ. ആന്റോ, രാഗമന്ദിർ, വി.പി.മരയ്ക്കാർ റോഡ്, ഇടപ്പള്ളി ടോൾ, കൊച്ചി) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് സാംസ്കാരിക വകുപ്പിന്റെ അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം നൽകുന്ന പദ്ധതി പ്രകാരം, പ്രത്യേക കേസായി 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ചികിത്സാ സഹായമായി 24/01/2020 ലെ സ.ഉ. (സാധാ) നം.48/2020/സാം.കാ.വ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| സി) ടിയാൾക്ക് ചികിത്സാസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | സി) അപേക്ഷകൻ ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതാണ്. |

Sindhu

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ്-അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി-ശ്രീ. തോപ്പിൽ ആന്റോ (ടി.കെ.ആന്റോ) , രാഗമന്ദിർ, വി.പി.മരക്കാർ റോഡ്, ഇടപ്പള്ളി ടോൾ, കൊച്ചി-ക്ക് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.48/2020/സാം.കാ.വ** തീയതി,തിരുവനന്തപുരം, 24/01/2020

---

പരാമർശം:- (1) സ.ഉ.(കൈ)നം.22/2017/സാം.കാ.വാ. തീയതി 11/08/2017.

(2) സ.ഉ.(കൈ)നം.36/2017/സാം.കാ.വാ. തീയതി 07/11/2017.

(3) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 09/12/2019 ലെ എ4/2750/19/സാം.വ. നമ്പർ കത്ത്

**ഉത്തരവ്**

നാടക ചലച്ചിത്ര പിന്നണിഗായകനായി പ്രവർത്തിച്ചിരുന്ന തോപ്പിൽ ആന്റോ (ടി.കെ.ആന്റോ) , രാഗമന്ദിർ, ലെയ്ൻ നം.8, N.N.R.A.66, നേതാജി നഗർ, വി.പി.മരക്കാർ റോഡ്, ഇടപ്പള്ളി ടോൾ, കൊച്ചി പ്രോസ്റ്റേറ്റ് കാൻസർ രോഗ ബാധിതനായി ചികിത്സയിലാണെന്നും ചികിത്സാ ധനസഹായ പദ്ധതിയിൽപ്പെടുത്തി ധനസഹായം അനുവദിക്കണമെന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേന പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. തോപ്പിൽ ആന്റോയ്ക്ക് 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി തുക നടപ്പ് സാമ്പത്തികവർഷത്തിലെ "2205-00-102-67 അശരണരും രോഗബാധിതരുമായ കലാകാരൻമാർക്ക് ചികിത്സാ ധനസഹായം (NP)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും അപേക്ഷകൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. ടി തുക സാംസ്കാരിക വകുപ്പ് ഡയറക്ടർ ട്രഷറിയിൽനിന്നും അടിയന്തിരമായി പിൻവലിച്ച് ടിയാൾക്ക് നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗീത.കെ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

*(അപേക്ഷയും അനുബന്ധ രേഖകളും സഹിതം)*

തോപ്പിൽ ആന്റോ (ടി.കെ.ആന്റോ), രാഗമന്ദിർ, ലെയ്ൻ നം.8, N.N.R.A.66, നേതാജി നഗർ, വി.പി.മരക്കാർ റോഡ്, ഇടപ്പള്ളി ടോൾ, കൊച്ചി-682024

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Indhu
സെക്ഷൻ ഓഫീസർ